പാലായിവളവിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണം

104 (701) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ നീലേശ്വരം മുനിസിപ്പാലിറ്റിയെ, ചീമേനി പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന കാര്യംങ്കോട് പുഴയിൽ പാലാഴി വളവിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന വിവരം അറിയിക്കുമോ ;

ഉത്തരം

കാര്യംങ്കോട് പുഴയിൽ പാലായി വളവിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തി ഈ വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ടോക്കൺ പ്രൊവിഷനായി ഉൾപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ചീഫ് എഞ്ചിനീയർ (ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ)-ൽ നിന്നും ലഭിച്ച 10 കോടി രൂപയ്ക്കുള്ള സ്പെഷ്യൽ ഭരണാനുമതി പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

അഴീക്കോട് മുട്ടിൽകാപ്പ് റഗുലേറ്റർ ഇംപ്രൂവ്മെന്റ് പദ്ധതി

105 (702) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഴീക്കോട് അസംബ്ലി നിയോജകമണ്ഡലത്തിൽപ്പെടുന്ന ചെറുകുന്ന് പഞ്ചായത്തിലെ മുട്ടിൽകാപ്പ് റഗുലേറ്റർ ഇംപ്രൂവ്മെന്റ് പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ;

(ബി) ഈ പ്രവൃത്തിയുടെ ഉദ്ഘാടനം നിർവ്വഹിച്ചിട്ടും പ്രവർത്തനം ആരംഭിക്കാത്തത് എന്തുകൊണ്ടെന്ന് അറിയിക്കുമോ ;

(സി) ഈ പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് അടച്ച തുക എങ്ങനെയാണ് വിനിയോഗിച്ചതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ പദ്ധതി അടിയന്തരമായി പൂർത്തീകരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) അഴീക്കോട് അസംബ്ലി നിയോജക മണ്ഡലത്തിൽപ്പെടുന്ന ചെറുകുന്ന് പഞ്ചായത്തിലെ മുട്ടിൽകാപ്പ് റഗുലേറ്ററിന്റെ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ ടിയാന്റെ റിസ്ക് ആന്റ് കോസ്റ്റിൽ പ്രവൃത്തിയുടെ കരാർ അവസാനിപ്പിക്കേണ്ടിവന്നു.

(ബി) ഗവൺമെന്റ് സ്ഥാപനമായ സിൽക്കിനെയാണ് ഈ പണിയുടെ കരാർ ഏൽപ്പിച്ചത്. എന്നാൽ സമയത്തിന് പൂർത്തീകരിക്കാൻ പ്രസ്തുത സ്ഥാപനത്തിന് കഴിയാത്തതിനാൽ വന്ന തടസ്സങ്ങളാണ് പ്രവർത്തനം ആരംഭിക്കുന്നതിന് വിഘാതമായത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പദ്ധതിക്കായി ഗ്രാമ പഞ്ചായത്ത് അടച്ച തുക പ്രവൃത്തി ചെയ്യാത്തതിനാൽ പഞ്ചായത്തിനുതന്നെ തിരിച്ചു നൽകിയിട്ടുണ്ട്.

(ഡി) ബാക്കി പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇത് സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തുന്നകാര്യം പരിശോധിച്ചുവരുന്നു.

പേരാവൂർ മണ്ഡലത്തിലെ വെയർ കം ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തികൾ

106 (703) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാവൂർ നിയോജക മണ്ഡലത്തിൽ 2006-10 വർഷകാലയളവിൽ മൈനർ ഇറിഗേഷൻ വകുപ്പ് എത്ര വെയർ-കം-ബ്രിഡ്ജുകൾക്ക് തുക അനുവദിച്ച് പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വെയർ-കം-ബ്രിഡ്ജുകളുടെ നിർമ്മാണ പ്രവർത്തന പുരോഗതി വിശദീകരിക്കുമോ ; ഇവയുടെ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 10 വെയർ-കം-ബ്രിഡ്ജുകൾക്ക്

(ബി) പ്രസ്തുത വെയർ-കം-ബ്രിഡ്ജുകളുടെ നിർമ്മാണ പ്രവർത്തന പുരോഗതി അനുബന്ധമായി ചേർക്കുന്നു. *

മുല്ലപ്പെരിയാറിലെ നിർദ്ദിഷ്ട അണക്കെട്ടിന്റെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി

107 (704) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. ജോർജ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാറിലെ നിർദ്ദിഷ്ട അണക്കെട്ടിന്റെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത അണക്കെട്ടിനെ സംബന്ധിക്കുന്ന രഹസ്യ വിവരങ്ങൾ ബന്ധപ്പെട്ട അധികൃതർ തമിഴ്നാടിന് ചോർത്തി കൊടുക്കുന്നുവെന്ന് വെളിപ്പെടുത്തുന്ന പത്ര വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly